**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2418 07.02.2019-ലെ മറുപടിയ്ക്ക്

**യുവ സ്പോർട്സ് താരങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പോർട്സ് താരങ്ങൾക്ക് സർക്കാർ ജോലി നൽകി എന്നറിയിക്കാമോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, |

| | | | |
|---|---|---|---|
| | | | 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | യുവതാരങ്ങളെ കായികരംഗത്ത് തന്നെ നിലനിർത്തുന്നതിന് സഹായകരമായ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്താമോ? | (ബി) | സംസ്ഥാനത്ത് യുവതാരങ്ങളെ കായിക രംഗത്ത് തന്നെ നിലനിർത്തുന്നതിന് കായിക പരിശീലനത്തിനായി കായിക യുവജനകാര്യാലയം മുഖാന്തിരം സ്വിമ്മിംഗ്, ആസ്ട്ര(ASTRA), ജിം എന്നീ കായിക വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ, എന്നിവിടങ്ങളിൽ വിവിധ കായികയിനങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നു.<br>കൂടാതെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**1) ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.<br>**2) ഓപ്പറേഷൻ ഒളിമ്പ്യ**<br>2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ , കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടിയ വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് |

| | | | |
|---|---|---|---|
| | | | ഇത്._<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും, റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.<br>**3) എലൈറ്റ് സ്കീം**<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എലൈറ്റ് സ്കീമിലെ കായിക താരങ്ങൾക്ക് പ്രതിദിനം 450/-രൂപയും, സ്പോർട്സ് കിറ്റും കായിക ഉപകരണങ്ങളും, സപ്ലിമെന്ററി ഫുഡും, ചികിത്സാ ചെലവും നൽകുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് ലഘു ഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും നൽകുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് പ്രതിദിനം 200/-രൂപ |

| | | | |
|---|---|---|---|
| | | | നിരക്കിൽ ഡി.എയും പ്രതിമാസം 200/-രൂപ നിരക്കിൽ വാഷിംഗ് അലവൻസും നൽകി വരുന്നുണ്ട്. കൂടാതെ സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവയും അനുവദിക്കുന്നുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ കായിക ഇനങ്ങളിലായി 13 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സെന്ററുകൾക്ക് പ്രതിവർഷം 1,00,000/-രൂപ നൽകി വരുന്നുണ്ട്.<br>കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് അർഹമായ പാരിതോഷികം നൽകി വരുന്നുണ്ട്. വിദേശ മത്സരങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കുന്നതിനും മത്സരങ്ങളെ തുടർന്നുണ്ടാവുന്ന പരിക്കുകളുടെ തുടർ ചികിത്സയ്ക്കുമായി കായിക വികസന നിധിയിൽ നിന്നും അർഹമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br>സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായികയിനങ്ങളിൽ നിന്നും 14 മുതൽ 19 വയസ്സു വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ പ്രതിമാസം 10,000/-രൂപയും സ്പോർട്സ് കിറ്റും അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**